## സർക്കുലർ

199/NSS/DHSE/2014 18/11/2014

പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പും ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് **''ഹരിതം-ഹരിതസ്പർശം - പരിസ്ഥിതി വിജ്ഞാനം ഗ്രാമങ്ങളിലേക്ക്''** .

നമ്മുടെ പരിസ്ഥിയും ജൈവസമ്പത്തും കാത്തു സൂക്ഷിച്ചു വരുംതലമുറയ്ക്ക് നൽകാൻ കഴിയുന്ന തരത്തിലായിരിക്കണം ഹരിതം ഹരിത സ്പർശത്തിന്റെ പ്രവർത്തനങ്ങൾ. രണ്ടാംഘട്ട പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ ജില്ലയിലും ജൈവവൈവിധ്യങ്ങൾ നിറഞ്ഞ ഒരു ചെറുവനം വിഭാവനം ചെയ്യുന്നു. പ്രകൃതിയിൽ നിന്നും നമ്മുടെ നാട്ടിൽ നിന്നും അന്യം നിന്ന് പോകുന്ന ജൈവസമ്പത്തിന്റെ പുനരുജ്ജീവനം ഈ വന-സംരക്ഷണത്തിലൂടെ ലക്ഷ്യമിടുന്നു.

ജൈവവൈവിധ്യങ്ങൾ നിറഞ്ഞ വനവൽക്കരണ പദ്ധതിയിലൂടെ ചെറു ആവാസ വ്യവസ്ഥതന്നെ നമുക്ക് സൃഷ്ടിക്കാനാകും. പക്ഷികളും ചിത്രശലഭങ്ങളും സസ്യലതാദികളും ഔഷധചെടികളും തുടങ്ങി വിദ്യാർത്ഥികളിലൂടെ ഒരു വനം നിർമ്മിക്കുന്ന ദീർഘകാല പദ്ധതിയാണിത്.

ഈ പദ്ധതി നടപ്പിലാക്കുവാൻ താൽപര്യമുള്ള യൂണിറ്റ്/യൂണിറ്റുകൾ/ജില്ല(ഒന്നിലധികം യൂണിറ്റുകൾക്ക് സംയുക്തമായി ഏറ്റെടുക്കാം) എന്നിവയ്ക്ക് പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കുറഞ്ഞത് **അര ഏക്കറിൽ (50 സെന്റ്)** കുറയാത്ത ഭൂമി ഈ പദ്ധതിക്കായി കണ്ടെത്തണം. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സാമ്പത്തിക/സാങ്കേതിക സഹായം ലഭ്യമാക്കുന്നതാണ്.

അപേക്ഷകൾ ഡിസംബർ 5 നകം പ്രോഗ്രാം കോ-ഓഡിനേറ്റർ,എൻഎസ്എസ് സെൽ, ഹൗസിങ്ങ് ബോർഡ് ബിൽഡിങ്ങ്, ശാന്തിനഗർ,തിരുവനന്തപുരം-695001 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റ്/യൂണിറ്റുകളുടെ വിവരം തുടർന്ന് പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷയുടെ മാതൃക ചുവടെ ചേർക്കുന്നു.

ഒപ്പ്
പ്രോഗ്രാം കോ ഓഡിനേറ്റർ

നാഷണൽ സർവ്വീസ് സ്കീം

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്

ജില്ല :

സ്കൂളിന്റെ പേര് :

പ്രോഗ്രാം ഓഫീസറുടെ പേരും
ഫോൺനമ്പരും :

ജൈവവൈവിധ്യ പാർക്കിനു
ഉദ്ദേശിക്കുന്ന സ്ഥലം :
(പ്രദേശത്തിന്റെ പേര്)

ഒന്നിലധികം യൂണിറ്റുകൾ ഉണ്ടെങ്കിൽ
സഹകരിക്കുന്ന മറ്റു സ്കൂളുകളുടെ പേര്:

ജൈവവൈവിധ്യ പാർക്കിനുള്ള സ്ഥലം
(സെന്റ്/ഏക്കർ) :

തീയതി

പ്രോഗ്രാം ഓഫീസറുടെ ഒപ്പ്